# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2799** **06.11.2019 ലെ മറുപടി**

## കൊല്ലം ജില്ലയിലെ പുലിമുട്ട് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. വിജയൻ പിള്ള :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കൊല്ലം ജില്ലയിലെ ആലപ്പാട്, ചവറ, പന്മന എന്നീ പഞ്ചായത്തുകളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനായി ഐ.ആർ.ഇ., കെ.എം.എം.എൽ. എന്നീ സ്ഥാപനങ്ങൾ തുക നിക്ഷേപിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എവിടെയൊക്കെ പുലിമുട്ട് നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) IREL ന്റെ ഫണ്ട് ഉപയോഗിച്ച് വെള്ളനാതുരുത്തിലും KMML ന്റെ ഫണ്ട് ഉപയോഗിച്ച് പന്മനയിലുമാണ് പുലിമുട്ട് നിർമ്മിക്കുന്നത് |
| (സി) എത്ര പുലിമുട്ട് നിർമ്മിക്കുന്നതിനാണ് തുക നിക്ഷേപിച്ചിരിക്കുന്നതെന്നും നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്തെന്നും അറിയിക്കുമോ; | (സി) വെള്ളനാതുരുത്തിൽ 4 പുലിമുട്ടുകളും, പന്മനയിൽ 4 പുലിമുട്ടുകളും നിർമ്മിക്കുന്നതിനാണ് തുക നിക്ഷേപിച്ചിരിക്കുന്നത്. വെള്ളനാതുരുത്തിൽ IREL ന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു വരുന്ന പുലിമുട്ടുകളുടെ പ്രവൃത്തി 70%-ഉം പന്മനയിൽ KMML ന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു വരുന്ന പുലിമുട്ടുകളുടെ പ്രവൃത്തി 15%- ഉം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) ശക്തികുളങ്ങര, നീണ്ടകര, ചവറ പഞ്ചായത്തുകളിൽ പുലിമുട്ടും കടൽഭിത്തിയും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പുലിമുട്ട് നിർമ്മിക്കുന്നതിന് CWPRS പൂനെ/IIT ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ നിന്നും പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യതയും ആവശ്യകതയും പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊണ്ടു വരുന്നു. |

**സെക്ഷൻ ഓഫീസർ**